(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന 20 ദിവസത്തെ ആർജ്ജിത അവധി സറണ്ടർ ചെയ്യാമെന്ന വ്യവസ്ഥ പുനഃസ്ഥാപിച്ചിട്ടുണ്ട്.

പാലക്കാട്ടെ ഡി.പി.ഇ.പി. സ്കൂളുകൾക്കുള്ള ധനകാര്യാനുമതി

27 [339] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഡി.പി.ഇ.പി. പദ്ധതിയിൽ ആരംഭിച്ച 8 പ്രൈമറി വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിൽനിന്ന് അനുമതി ലഭിക്കാത്തതുമൂലം പ്രസ്തുത സ്കൂളുകളിൽ സർക്കാർ അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ അദ്ധ്യാപകർക്ക് കഴിഞ്ഞ ഒരു വർഷമായി പ്രതിഫലം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളെ സർക്കാർ ഏറ്റെടുത്തത് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ അല്ലാത്തതുമൂലം അക്കൗണ്ടന്റ് ജനറൽ, ട്രഷറി ആതറൈസേഷൻ നൽകിയിട്ടില്ല എന്ന വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ ധനവകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

വാണിജ്യ നികുതി വരുമാനവും നികുതി കുടിശ്ശികയും

28 [340] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ എന്ത് തുകയാണ് വരുമാനമായി പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ നികുതിയിനത്തിൽ ആകെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും അതിൽ മുൻ കുടിശ്ശിക, കഴിഞ്ഞ വർഷത്തേത് ഇവ എത്രയാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) 2003-04 സാമ്പത്തിക വർഷത്തെ വാണിജ്യ നികുതിയിനത്തിൽ 10 ലക്ഷത്തിനുമേൽ തുക സർക്കാരിന് അടയ്ക്കാൻ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരം ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ വാണിജ്യ നികുതി കുടിശ്ശിക 50 ലക്ഷത്തിലേറെയുള്ളവരുടെ വിവരവും കുടിശ്ശിക തുകയും വെളിപ്പെടുത്തുമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ 6,200 കോടി രൂപയാണ് വരുമാനമായി പ്രതീക്ഷിച്ചിരുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ നികുതിയിനത്തിൽ ആകെ പിരിഞ്ഞുകിട്ടിയത് 6,081.13 കോടി രൂപയാണ്. ഇതിൽ മുൻ കുടിശ്ശിക, കഴിഞ്ഞ വർഷത്തെ തുക ഇവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മുൻ കുടിശ്ശിക	. .	71.61 കോടി രൂപ
കഴിഞ്ഞ വർഷത്തെ തുക	. .	6,009.52 കോടി രൂപ
ആകെ	. .	6,081.13 കോടി രൂപ

(സി ആന്റ് ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ കർശനമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വിൽപ്പന നികുതി ചട്ടം 45, 46 എന്നീ വകുപ്പുകൾപ്രകാരം കുടിശ്ശിക വരുത്തുന്ന വ്യാപാരികൾക്കെതിരെ അടയ്ക്കേണ്ട തുകയുടെ ഇരട്ടിവരെ പിഴ ചുമത്താനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനുമുള്ള വ്യസ്ഥകൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നുണ്ട്.

വിദേശമദ്യ വിൽപ്പനയിനത്തിലെ നികുതി വരുമാനം

29 [341] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷം വിദേശമദ്യ വിൽപ്പനയിനത്തിൽ സംസ്ഥാന സർക്കാരിന് വിവിധയിനം നികുതിയിനത്തിൽ ഓരോ മാസവും ലഭിച്ച വരുമാനം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly